©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2019 മാർച്ച് 26<br>26th March 2019<br>1194 മീനം 12<br>12th Meenam 1194<br>1941 ചൈത്രം 5<br>5th Chaithra 1941 | നമ്പർ<br>No. | 13 |

# PART III

# Co-operative Department

### വയനാട് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: ശ്രീ. പി. റഹീം)

(1)

നമ്പർ എ. ഇ. എൽ. 3784/2018. 2019 ഫെബ്രുവരി 15.

വിഷയം:—സമാപ്തീകരണം—പനമരം പഞ്ചായത്ത് എസ്.സി./എസ്.ടി. വനിതാ മൾട്ടി പർപ്പസ് സഹകരണസംഘം ക്ലിപ്തം നമ്പർ ഡബ്ലിയു. 116—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) വയനാട് സഹകരണസംഘം ആഡിറ്റ് ജോയിന്റ് ഡയറക്ടറുടെ 18-4-2015-ലെ 230/2015 നമ്പർ കത്ത്.

(2) ഈ ആഫീസിലെ 13-12-2017-ലെ എസ്.സി.ടി. 1472/2015 നമ്പർ ഉത്തരവ്.

(3) മാനന്തവാടി അസി. രജിസ്ട്രാർ (ജനറൽ)-ടെ 1-3-2018-ലെ 2037/2017 നമ്പർ കത്തും വകുപ്പ് 66 പ്രകാരമുള്ള ഇടക്കാല റിപ്പോർട്ടും.

(4) മാനന്തവാടി അസി. രജിസ്ട്രാർ (ജനറൽ)-ടെ 5-5-2018-ലെ 2037/2017 നമ്പർ കത്തും വകുപ്പ് 66 പ്രകാരമുള്ള റിപ്പോർട്ടും.

(5) ഈ ആഫീസിലെ 30-8-2018-ലെ ഇതേ നമ്പർ രജിസ്ട്രേഡ് നോട്ടീസുകൾ.

16-5-1992-ൽ രജിസ്റ്റർ ചെയ്യുകയും 18-5-1992-ൽ പ്രവർത്തനമാരംഭിക്കുകയും ചെയ്ത പനമരം ആസ്ഥാനമായി പ്രവർത്തിച്ചുവന്ന പനമരം പഞ്ചായത്ത് വനിത എസ്.സി./എസ്.ടി. മൾട്ടിപർപ്പസ് സഹകരണ സംഘത്തിൽ 1991-1992 വർഷം മുതൽ 2013-14 വരെയുള്ള വർഷങ്ങളിലെ ആഡിറ്റ് നടത്തിയതിൽ വളരെയേറെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുകയും കണ്ടെത്തിയ ക്രമക്കേടുകളെ സംബന്ധിച്ച വിവരം ആഡിറ്റർ സ്പെഷ്യൽ റിപ്പോർട്ടായി നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംഘത്തിൽ കേരളാ സഹകരണ നിയമം വകുപ്പ് 66 പ്രകാരം പരിശോധന നടത്തി റിപ്പോർട്ട് ബോധിപ്പിക്കുന്നതിന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പനമരം യൂണിറ്റ് ആഫീസറെ ചുമതലപ്പെടുത്തി സൂചന (2) പ്രകാരം ഉത്തരവായിരുന്നു.

പനമരം യൂണിറ്റ് ഇൻസ്പെക്ടർ നടത്തിയ സൂചന (3) അന്വേഷണത്തിൽ സംഘത്തിൽ 2013-18 കാലയളവിൽ ഭരണ സമിതിയിലേക്ക് 17-6-2013-ൽ തെരഞ്ഞെടുപ്പ് നടത്തിയിരുന്നുവെന്നും ശ്രീമതി പുഷ്പ വട്ടക്കൊല്ലി എന്നവർ പ്രസിഡന്റായി ഒരു ഭരണ സമിതി ഉണ്ടായിരുന്നതായും അന്വേഷണത്തിനായി 21-2-2018-ന് അന്വേഷണ ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാകുന്നതിനായി എല്ലാ ഭരണ സമിതി അംഗങ്ങൾക്കും നോട്ടീസ് നൽകിയെങ്കിലും ആരുംതന്നെ ഹാജരായില്ല എന്നും ഭരണ സമിതി അംഗമായ ശ്രീമതി നിർമ്മല പെരേറ്റക്കുന്ന് എന്നവർ ഒരു രജിസ്ട്രേഡ് കത്തിലൂടെ സംഘം റിക്കാർഡുകൾ എല്ലാംതന്നെ സംഘവുമായി ബന്ധമില്ലാത്ത ടി. മോഹനൻ എന്നവരുടെ കൈവശമാണെന്നും സംഘവുമായി ബന്ധപ്പെട്ട് ഒന്നുംതന്നെ ബോധിപ്പിക്കാനില്ല എന്നും അറിയിച്ചിട്ടുണ്ട്.

സംഘത്തിലെ ചില ഭരണ സമിതിയംഗങ്ങൾ 30-9-2016-ൽ രാജിവച്ചതായി അറിയിച്ചതിനെ തുടർന്ന് മതിയായ ക്വാറം ഇല്ലാത്ത ഭരണ സമിതിയെ ഈ ആഫീസിലെ 4-10-2016-ലെ ഒ/3689/16 നമ്പർ ഉത്തരവിലൂടെ ഭരണസമിതി പിരിച്ചു നീക്കം ചെയ്ത് അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും ചെയ്തിരുന്നതും പിന്നീട് രാജിക്കത്തുകൾ വ്യാജമാണെന്ന് കാണിച്ച ശ്രീമതി നിർമ്മല പെരേറ്റക്കുന്നിൽ മുതൽ 4 ഭരണ സമിതി അംഗങ്ങൾ ബഹു. കേരളാ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്ത് അഡ്മിനിസ്ട്രേറ്റീവ് ഭരണം അവസാനിപ്പിച്ചതായും അന്യായം ബോധിപ്പിച്ചവരെ ഭരണ സമിതി അംഗങ്ങളായി തുടരാൻ അനുമതി നൽകിയിട്ടുണ്ട്.

സംഘത്തിന്റെ ആഡിറ്റ് 2015-16 വരെ പൂർത്തീകരിച്ചിട്ടുള്ളതായും ആയതിന് ആവശ്യമായ റിക്കാർഡുകൾ ശ്രീ. ഗോപാലകൃഷ്ണൻ എന്നയാൾ ലഭ്യമാക്കിയെന്നും ആഡിറ്റർ അറിയിച്ചിട്ടുണ്ട്. ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ടിലെ ക്രമക്കേടുകളെ സാധൂകരിക്കുന്ന രേഖകൾ ഒന്നുംതന്നെ അന്വേഷണ ഉദ്യോഗസ്ഥന് ലഭ്യമായില്ല എന്നും പ്രവർത്തന മൂലധന ഗ്രാന്റ്, സൈറ്റ് പർച്ചേഴ്സ് ഗ്രാന്റ് എന്നിവ അനുവദിച്ചത് ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളതായും സംഘത്തിന്റെ രണ്ട് എസ്.ബി. അക്കൗണ്ട് ഉള്ളതായും ആയതിൽ 1053.50 രൂപ, 1,11,365.50 രൂപ എന്നിങ്ങനെ ബാക്കി നിൽക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘം അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഒന്നും നടത്തിയില്ല എന്നും സർക്കാരിൽ നിന്നും ഗ്രാന്റും ധനസഹായങ്ങളും നേടിയെടുക്കുക എന്ന ഉദ്ദേശം മാത്രമാണ് സംഘത്തിനുള്ളതെന്നും, ഭരണ സമിതിക്ക് യാതൊരു ഉത്തമ താല്പര്യവും സംഘത്തിന്മേൽ ഇല്ല എന്നും, ബഹു. ഹൈക്കോടതി ഉത്തരവിലൂടെ ഭരണസമിതി പുനഃസ്ഥാപിച്ചിട്ടും വകുപ്പ് 66 പ്രകാരമുള്ള അന്വേഷണവുമായി സഹകരിക്കാൻ തയ്യാറായില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘം തീർത്തും പ്രവർത്തനരഹിതമാണെന്നും പരിശോധനക്കായി യാതൊരു റിപ്പോർട്ടും ലഭ്യമാക്കിയില്ല എന്നും രജിസ്റ്റർ ചെയ്തതിനുശേഷം യാതൊരുവിധ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല എന്നും സംഘം പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാഹചര്യവും നിലവിലില്ലാത്തതിനാൽ സംഘം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്നും പരിശോധനാ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (4) കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം ലിക്വിഡേറ്റ് ചെയ്യാതിരിക്കാൻ വല്ല കാരണങ്ങളുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (5) പ്രകാരം വയനാട് ജില്ലാ സഹകരണ ബാങ്കിനോടും മാനന്തവാടി സർക്കിൾ സഹകരണ യൂണിയനോടും രജിസ്ട്രേഡ് തപാലിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് താഴെപറയുന്ന ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

**ഉത്തരവ്**

1969-ലെ സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം പനമരം പഞ്ചായത്ത് എസ്.സി./എസ്.ടി. വനിതാ മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യു-116-ന്റെ പ്രവർത്തനം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമം 72 പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന കാലത്തെ സംഘത്തിന്റെ കടധനപ്പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടേയും റിക്കാർഡുകളും പട്ടികയുടെ ഒരു പകർപ്പ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതും ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(2)

നമ്പർ എ. ഇ. എൽ. 5248/2018. 2019 ഫെബ്രുവരി 20.

വിഷയം:—സമാപ്തീകരണം—പൈങ്ങാട്ടിരി തേനീച്ച വളർത്തൽ തേൻ സംസ്കരണ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 143—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) മാനന്തവാടി അസി. രജിസ്ട്രാർ (ജനറൽ)-ടെ 17-11-2018-ലെ 827/2017 നമ്പർ കത്തും വകുപ്പ് 66 പ്രകാരമുള്ള റിപ്പോർട്ടും.

(2) ഈ ആഫീസിലെ 6-12-2018-ലെ ഇതേ നമ്പർ രജിസ്ട്രേഡ് നോട്ടീസുകൾ.

പൈങ്ങാട്ടിരി തേനീച്ച വളർത്തൽ തേൻ സംസ്കരണ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ള്യൂ 143 വർഷങ്ങളായി പ്രവർത്തന രഹിതമായി കിടന്നതിനെ തുടർന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 23-7-2018-ലെ 827/12 നമ്പർ ഉത്തരവ് പ്രകാരം സഹകരണ നിയമം വകുപ്പ് 66 പ്രകാരം മാനന്തവാടി യൂണിറ്റ് ഇൻസ്പെക്ടർ ഒരു പരിശോധന നടത്തി സൂചന (1) പ്രകാരം റിപ്പോർട്ട് ബോധിപ്പിച്ചിരിക്കുന്നു. പരിശോധനയിൽ മേപ്പടി പേരിൽ ഒരു സംഘം ടി സ്ഥലത്ത് ഉള്ളതായി അറിയില്ല എന്നും സംഘം പേരിൽ ഒരു കത്ത് അയച്ചുവെങ്കിലും ആയത് കൈപ്പറ്റാതെ തിരികെ വന്നുവെന്നും മാനന്തവാടി അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും ലഭിച്ച പ്രകാരം സംഘത്തിൽ 1991-92 വരെ ആഡിറ്റ് നടത്തിയിട്ടുള്ളതായി അറിയുന്നുവെന്നും സംഘത്തിൽ ആഫീസോ,

സ്റ്റാഫോ മറ്റ് ജീവനക്കാരോ ഇല്ല എന്നും സംഘം വർഷങ്ങളായി പൂർണ്ണമായും പ്രവർത്തനരഹിതമാണെന്നും പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയും ഇല്ല എന്നും, തീർത്തും പ്രവർത്തനരഹിതമായ സംഘം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം സമാപ്തീകരണ നടപടികൾ സ്വീകരിക്കാമെന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം ലിക്വിഡേറ്റ് ചെയ്യാതിരിക്കാൻ വല്ല കാരണങ്ങളുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (2) പ്രകാരം വയനാട് ജില്ലാ സഹകരണ ബാങ്കിനോടും മാനന്തവാടി സർക്കിൾ സഹകരണ യൂണിയനോടും രജിസ്ട്രേഡ് തപാലിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് യാതൊരു എതിരഭിപ്രായവുമില്ല എന്ന് ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 5-1-2019 ഡബ്ള്യൂ.ബി/പി.ഡി.എസ്./69/18-19 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

**ഉത്തരവ്**

1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം പൈങ്ങാട്ടിരി തേനീച്ച വളർത്തൽ തേൻ സംസ്കരണ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യൂ. 143-ന്റെ പ്രവർത്തനം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമം 72 പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മാനന്തവാടി യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന കാലത്തെ സംഘത്തിന്റെ കടധനപ്പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളും പട്ടികയുടെ ഒരു പകർപ്പ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതും ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(3)

നമ്പർ എ. ഇ. എൽ. 5142/2018. 2019 ഫെബ്രുവരി 22.

വിഷയം:—സമാപ്തീകരണം—പള്ളിക്കുന്ന് എസ്റ്റേറ്റ് എംപ്ലോയീസ് സ്റ്റോർ ക്ലിപ്തം നമ്പർ ഡബ്ളിയു. 141—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) മാനന്തവാടി അസി. രജിസ്ട്രാർ (ജനറൽ)-ടെ 3-11-2018-ലെ 827/2017(3) നമ്പർ കത്തും വകുപ്പ് 66 പ്രകാരമുള്ള റിപ്പോർട്ടും.

(2) ഈ ആഫീസിലെ 6-12-2018-ലെ ഇതേ നമ്പർ രജിസ്ട്രേഡ് നോട്ടീസുകൾ.

പള്ളിക്കുന്ന് ആസ്ഥാനമായി പ്രവർത്തിച്ചുവന്നിരുന്ന പള്ളിക്കുന്ന് എസ്റ്റേറ്റ് എംപ്ലോയീസ് സ്റ്റോർ ക്ലിപ്തം നമ്പർ ഡബ്ള്യൂ 141 വർഷങ്ങളായി പ്രവർത്തന രഹിതമായി കിടന്നതിനെ തുടർന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 23-7-2018-ലെ ഉത്തരവ് പ്രകാരം സഹകരണ നിയമം വകുപ്പ് 66 പ്രകാരം പനമരം യൂണിറ്റ് ഇൻസ്പെക്ടർ ഒരു പരിശോധന നടത്തി സൂചന (1) പ്രകാരം റിപ്പോർട്ട് ബോധിപ്പിച്ചിരിക്കുന്നു. പരിശോധനയിൽ മേപ്പടി പേരിൽ ഒരു സംഘം പള്ളിക്കുന്നിൽ പ്രവർത്തിച്ചതായി അറിയില്ല എന്നും സംഘം സെക്രട്ടറിയുടെ പേരിൽ ഒരു കത്ത് അയച്ചുവെങ്കിലും ആയത് കൈപ്പറ്റാതെ തിരികെ വന്നുവെന്നും മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ ആഫീസിൽ നിന്നും സംഘത്തിൽ ഏറ്റവും ഒടുവിലായി 1993-97 കാലഘട്ടത്തിലേക്ക് 6-11-1993-ന് തെരഞ്ഞെടുപ്പ് നടത്തിയതായും എന്നാൽ തെരഞ്ഞെടുത്ത അംഗങ്ങളുടെ പേര് അല്ലാതെ മേൽവിലാസമൊന്നും ലഭ്യമായിട്ടില്ല എന്നും സംഘത്തിന് സ്വന്തമായോ വാടകയ്ക്കോ ആഫീസില്ല എന്നും സംഘത്തിന് സ്റ്റാഫോ മറ്റ് ജീവനക്കാരോ ഇല്ല എന്നും സംഘം വർഷങ്ങളായി പൂർണ്ണമായും പ്രവർത്തനരഹിതമാണെന്നും പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയും ഇല്ല എന്നും, സംഘത്തിൽ നാളിതുവരെ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് നടത്തിയിട്ടില്ല എന്നും സംഘത്തിന് ബാങ്കുകളിൽ യാതൊരു ഇടപാടുകളും ഇല്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തീർത്തും പ്രവർത്തനരഹിതമായ സംഘം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം സമാപ്തീകരണ നടപടികൾ സ്വീകരിക്കാമെന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (2) കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം ലിക്വിഡേറ്റ് ചെയ്യാതിരിക്കാൻ വല്ല കാരണങ്ങളുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (2) പ്രകാരം വയനാട് ജില്ലാ സഹകരണ ബാങ്കിനോടും മാനന്തവാടി സർക്കിൾ സഹകരണ യൂണിയനോടും രജിസ്ട്രേഡ് തപാലിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് യാതൊരു എതിരഭിപ്രായവുമില്ല എന്ന് ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജരുടെ 27-12-2018 ഡബ്ള്യൂ.ബി/പി.ഡി.എസ്./69/18-19 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

**ഉത്തരവ്**

1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം പള്ളിക്കുന്ന് എസ്റ്റേറ്റ് എംപ്ലോയീസ് സ്റ്റോർ ക്ലിപ്തം നമ്പർ ഡബ്ല്യൂ. 141-ന്റെ പ്രവർത്തനം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമം 72 പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന കാലത്തെ സംഘത്തിന്റെ കടധനപ്പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളും പട്ടികയുടെ ഒരു പകർപ്പ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതും ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(4)

നമ്പർ എ. ഇ. എൽ. 5179/2018. 2019 ഫെബ്രുവരി 22.

വിഷയം:—സമാപ്തീകരണം—നോർത്ത് വയനാട് കോഫീ ഗ്രോവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ളിയു. 418—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) മാനന്തവാടി അസി. രജിസ്ട്രാർ (ജനറൽ)-ടെ 17-11-2018-ലെ 827/2017 നമ്പർ കത്തും വകുപ്പ് 66 പ്രകാരമുള്ള റിപ്പോർട്ടും.

(2) ഈ ആഫീസിലെ 7-12-2018-ലെ ഇതേ നമ്പർ രജിസ്ട്രേഡ് നോട്ടീസുകൾ.

നോർത്ത് വയനാട് ആസ്ഥാനമായി 6-3-1975-ൽ രജിസ്റ്റർ ചെയ്ത് 22-3-1975-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത നോർത്ത് വയനാട് കോഫീ ഗ്രോവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ള്യൂ 418 വർഷങ്ങളായി പ്രവർത്തനരഹിതമായതിനെ തുടർന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 23-7-2018-ലെ 827/2017 ഉത്തരവ് പ്രകാരം സഹകരണ നിയമം വകുപ്പ് 66 പ്രകാരം മാനന്തവാടി യൂണിറ്റ് ഇൻസ്പെക്ടർ ഒരു പരിശോധന നടത്തി സൂചന (1) പ്രകാരം റിപ്പോർട്ട് ബോധിപ്പിച്ചിരിക്കുന്നു. പരിശോധനയിൽ മേപ്പടി പേരിൽ ഒരു സംഘം പ്രവർത്തിച്ചിരുന്നതായും സംഘം നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും സംഘത്തിൽ ഏറ്റവും അവസാനമായി 29-10-1986-ലാണ് തെരഞ്ഞെടുത്ത ഭരണസമിതി ഉണ്ടായിരുന്നത് എന്നും സംഘത്തിൽ 1990-91 വരെ ആഡിറ്റ് നടത്തിയിരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘത്തിന് ആഫീസോ സ്റ്റാഫോ മറ്റ് ജീവനക്കാരോ ഒന്നും ഇല്ല. സംഘം പ്രവർത്തനം സംബന്ധിച്ച് ഭരണസമിതി അംഗങ്ങൾക്ക് വല്ലതും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കാനായി പരിശോധനാ ഉദ്യോഗസ്ഥൻ അവസാന ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് അയച്ചിരുന്നെങ്കിലും ആരുംതന്നെ ഹാജരായില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘം വർഷങ്ങളായി പൂർണ്ണമായും പ്രവർത്തനരഹിതമാണെന്നും പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയും ഇല്ല എന്നും തീർത്തും പ്രവർത്തനരഹിതമായ സംഘം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധനാ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം സമാപ്തീകരണ നടപടികൾ സ്വീകരിക്കാമെന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം ലിക്വിഡേറ്റ് ചെയ്യാതിരിക്കാൻ വല്ല കാരണങ്ങളുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (2) പ്രകാരം വയനാട് ജില്ലാ സഹകരണ ബാങ്കിനോടും മാനന്തവാടി സർക്കിൾ സഹകരണ യൂണിയനോടും രജിസ്ട്രേഡ് തപാലിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് യാതൊരു എതിരഭിപ്രായവുമില്ല എന്ന് ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജറുടെ 5-1-2019 ഡബ്ള്യൂ.ബി/പി.ഡി.എസ്./69/18-19 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

**ഉത്തരവ്**

1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം നോർത്ത് വയനാട് കോഫീ ഗ്രോവേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ള്യൂ. 418-ന്റെ പ്രവർത്തനം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമം 72 പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന കാലത്തെ സംഘത്തിന്റെ കടധനപ്പട്ടിക തയ്യാറാക്കേണ്ടതും സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളും പട്ടികയുടെ ഒരു പകർപ്പ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതും ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ഒപ്പ്)
(ജനറൽ) ഓഫീസ്, വയനാട്. ജോയിന്റ് രജിസ്ട്രാർ (ജനറൽ).